ഫാക്ടിന്റെ പുനരുദ്ധാരണം

7 (*36) ശ്രീ. കെ. ദാസൻ :

ശ്രീ. എളമരം കരീം :

ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടിന്റെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനും ആവശ്യമായ തരത്തിൽ പാക്കേജ് അനുവദിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഫാക്ടിന് പുനരുദ്ധാരണ പദ്ധതികൾ അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും ചെയ്യേ തീർക്കേണ്ടതായിട്ടുണ്ടോ ; എങ്കിൽ അത് എന്താണെന്നും, ആയതു നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ഫാക്ട് പുനരുദ്ധാരണത്തിന് പ്രധാനമന്ത്രിയെ സമീപിച്ച എം.പി.-മാർക്ക് നൽകപ്പെട്ട വാഗ്ദാനങ്ങൾ എന്തൊക്കെയാണെന്നും, ഇവ നടപ്പിലാക്കിയോ എന്നും വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സാമ്പത്തിക പ്രതിസന്ധിയിലായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി. ലിമിറ്റഡിനെ സമ്പൂർണ്ണ തകർച്ചയിൽനിന്നും രക്ഷിക്കുവാൻ പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശിപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ഫാക്ടിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഈ പാക്കേജിൽ 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, പലിശ തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകൾ എഴുതി തള്ളുക, നികുതി ഇളവ് അനുവദിക്കുക എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സാമ്പത്തിക പാക്കേജിന് അടിയന്തര പ്രാധാന്യം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി, 30-5-2014-ൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. എൽ.എൻ.ജി.യുടെ കൊച്ചിയിലെ വില, മറ്റ് വിപണികളേക്കാൾ ഏതാണ്ട് ഇരട്ടിയോളമാണ് എന്നത് വസ്തുതയാണ്. മുഖ്യമന്ത്രി ഈ വിഷയം ശ്രദ്ധയിൽ പെടുത്തി, പെട്രോളിയം പ്രകൃതി വാതക വകുപ്പുമന്ത്രിക്ക് കത്ത് അയച്ചിരുന്നു. കൊച്ചിയിലെ എൽ.എൻ.ജി.-യുടെ വില മറ്റ് വിപണികളിലെ വിലയുമായി ഏകീകരിക്കണമെന്നും, അതുവഴി ഫാക്ടിന്റെ നഷ്ടം നികത്തുവാൻ സഹായിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പുമന്ത്രിക്ക് ബഹു. മുഖ്യമന്ത്രി 15-7-2014 -ലും കത്ത് അയച്ചിരുന്നു.

സമ്പൂർണ്ണ തകർച്ചയിൽ നിന്നും ഫാക്ടിനെ രക്ഷിക്കാൻ പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശിപാർശ ചെയ്ത 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് അംഗീകരിച്ച് ഫണ്ട് അനുവദിക്കണമെന്നും പ്രകൃതി വാതകത്തിന്റെ അധിക വിലയ്ക്ക് കോമ്പൻസേഷൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം, കേരള നിയമസഭ 20-6-2014-ന് ഏകകണ്ഠമായി പാസ്സാക്കിയിരുന്നു. ഈ പ്രമേയത്തിന്റെ ഇംഗ്ലീഷ് പരിഭാഷ കേന്ദ്ര സർക്കാരിന്റെ രാസവളം മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും, പ്രമേയത്തിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി സംസ്ഥാന സർക്കാരിനെ അറിയിക്കുവാൻ കേന്ദ്ര രാസവളം മന്ത്രാലയത്തിലെ ഡയറക്ടറോടും, കേരള റസിഡന്റ് കമ്മീഷണറോടും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ആർ.എൽ.എൻ.ജി.യ്ക്ക് മേലുള്ള 14% മൂല്യവർദ്ധിത നികുതി ഒഴിവാക്കിത്തരണമെന്നുള്ള ഫാക്ടിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കമ്പനിക്കായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിയ്ക്ക് വിധേയമായി, അവർ വാങ്ങുന്ന എൽ.എൻ.ജി.-യെ KVAT-ൽനിന്നും ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും വാഗ്ദാനങ്ങളൊന്നും ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly